കേരള സർക്കാർ

# ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി5)1515/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്-682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :16.09.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി5)1515/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 16.09.2017

## എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 01.04.2016 മുതൽ 31.03.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥ | ധന്യ ബാലകൃഷ്ണൻ, ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.07.2017 മുതൽ 22.07.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ഷേർളി പീറ്റർ., ഓഡിറ്റ് ഓഫീസർ |
| | ഹരീഷ്ബാബു.എൻ.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ഷൈബി.ഇ.ഡി.,സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | രാജീവ്.ആർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ |

### (ബി)നിർവ്വഹണാധികാരികൾ

| സ്ഥാനപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| പ്രസിഡന്റ് | എ.പി. ഉദയ കുമാർ | 01.04.2016 | 31.03.2017 |
| സെക്രട്ടറി | ഡെന്നീസ് കൊറയ | 01.04.2016 | 31.03.2017 |

<u>നിർവ്വഹണോദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ഷീലകുമാരി പി.വി | 01.04.2016 | 26.09.2016 |
| | അംബിക കെ.പി. | 27.09.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(അലോപ്പതി) | ഡോ.ഫിലോമിന അലോഷ്യസ് | 01.04.2016 | 26.07.2016 |
| | ഡോ.ഷേർലി ജോർജ് പി | 27.07.2016 | 31.03.2017 |
| ഐ സി ഡി എസ് സൂപ്പർവൈസർ | സുഹറ ടി എച്ച് | 01.04.2016 | 20.11.2016 |
| | നദീറ എച്ച് | 21.11.2016 | 31.03.2017 |
| കൃഷി ഓഫീസർ | ജോൺ ഷെറി | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | ഡോ. ഇന്ദിര പി.വി | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. രാഖി എം എസ് | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഖദീജ ബീവി | 01.04.2016 | 31.03.2017 |
| ഹെഡ്മാസ്റ്റർ, ഗവ.എൽ.പി.എസ് | ജോണി.കെ.കുര്യാക്കോസ് | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജ്ജൻ | ഡോ. സുജ ജോൺ | 01.04.2016 | 29.12.2016 |
| | ഡോ. നിഷി കർണേത്ത് | 30.12.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,ചൂർണ്ണിക്കര | സൂരജ് കെ എസ് | 01.04.2016 | 31.03.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,എസ്.എൻ.പുരം | നജീബ് ടി.എസ് | 01.04.2016 | 26.10.2016 |
| | സന്ധ്യ സി ബി | 27.10.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | സിജി വർഗീസ് | 01.04.2016 | 21.06.2016 |
| | ഉമ്മുഹബീബ | 22.06.2016 | 31.03.2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം - 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |

| | | |
|---|---|---|
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 20,417/- രൂപ ഈടാക്കി | 1-12 |
| | ഭാഗം - 2 | |
| 13 | തനത് ഫണ്ടിന് ഒന്നിൽകൂടുതൽ അക്കൗണ്ടുകൾ ക്രമരഹിതമായി സൂക്ഷിക്കുന്നു | 2-1 |
| 14 | പരസ്യ നികുതി വരുമാനം കുറയുന്നു | 2-2 |
| | ഭാഗം - 3 | |
| 15 | സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-1 |
| 16 | പശുവളർത്തൽ – തുക നൽകിയതിലെ അപാകത | 3-2 |
| 17 | അങ്കണവാടികളിൽ വിതരണം ചെയ്തത് ഗുണനിലവാരം ഇല്ലാത്ത ഭക്ഷ്യമിശ്രിതം – ഗുരുതര ക്രമക്കേട് | 3-3 |
| 18 | ബാലസഭ പ്രോജക്ട് -34,990/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-4 |
| 19 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല – 21,04,675/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-5 |
| 20 | തെരുവ് വിളക്ക് മെയിന്റനൻസ് - ടെൻഡർ നടപടി സ്വീകരിച്ചില്ല. | 3-6 |
| 21 | മരുന്ന് ലഭിച്ചിട്ടില്ല. | 3-7 |
| 22 | തെറ്റായ താരിഫ് നിർണ്ണയം – പഞ്ചായത്ത് അടവാക്കുന്നത് കൊമേഴ്സ്യൽ താരിഫ് | 3-8 |
| 23 | പഞ്ചകർമ്മക്രിയാമുറിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ – എല്ലാ ഉപകരണങ്ങളും ലഭിച്ചില്ല | 3-9 |
| 24 | സാമൂഹ്യസുരക്ഷാ പെൻഷനുകൾ – അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകുന്നു | 3-10 |
| 25 | വിശദമായ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല | 3-11 |
| | ഭാഗം - 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |

| | | |
|---|---|---|
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് – 2016-17 | അനുബന്ധം1 |
| 36 | ബാലൻസ് ഷീറ്റ് – 2016-17 | അനുബന്ധം2 |
| 37 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം3 |
| 38 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് – 2016-17 | അനുബന്ധം4 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 14.03.2016ലെ അജണ്ട തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 10,69,49,138 | 9,77,43,912 |
| വാർഷിക കണക്കുകൾ പ്രകാരം | 5,29,45,745 | 4,28,19,957 |

ബജറ്റ് പ്രകാരമുള്ള വരവു-ചെലവുകളും യഥാർത്ഥ വരവു-ചെലവുകളും തമ്മിൽ അന്തരമുണ്ട്. ഇ.എഫ്.എം.എസ്. മുഖേന എം.ജി.എൻ.ആർ.ഇ.ജി.എസ്. ബി-ഫണ്ട് എന്നീ ഇനങ്ങളിൽ നടന്നിട്ടുള്ള യഥാക്രമം 4.2 ലക്ഷം രൂപയുടേയും 3.5 കോടി രൂപയുടേയും വരവു ചെലവുകൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല. ഇവ ഉൾപ്പെട്ടാലും ബജറ്റ് പ്രകാരമുള്ള വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധ്യത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 03.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | റിമാർക്ക്സ് |
|---|---|---|
| 2016-17 | 17.7.2017 | അപാകത ഇല്ല |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 20871674.00 |
| വരവ് | 52945745.00 |
| ആകെ | 73817419.00 |
| ചെലവ് | 42819957.00 |
| നീക്കിയിരിപ്പ് | 30997462.00 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷം പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന തുകയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 6202106 |

പഞ്ചായത്തിന് ലഭിക്കാനുള്ള വരവു തുക കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് (RP40b പ്രകാരം) |
|---|---|---|---|---|---|
| പൊതുവിഭാഗം | 0 | 74,33,382 | 74,33,382 | 74,33,382 | 0 |
| എസ്.സി. പി. | 0 | 14,94,147 | 14,94,147 | 14,94,147 | 0 |
| ടി.എസ്. പി. | 0 | 8,014 | 8,014 | 8,014 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 16,93,012 | 16,93,012 | 16,93,012 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 0 | 18,68,687 | 18,68,687 | 18,68,687 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 3,652,571 | 3,652,571 | 36,52,571 | 0 |
| പെർഫോമൻസ് ഗ്രാന്റ്(ലോകബാങ്ക്) | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ. ഇ.ജി.എസ്. | 1,792 | 4,18,887 | 4,20,679 | 4,20,239 | 440 |
| ബി ഫണ്ട് | 0 | 3,52,07,995 | 3,52,07,995 | 3,52,07,995 | 0 |

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 56726128 | 88 | 23139054 | 20 | 78 | 47.31 |

# 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 27.5% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1,33,95,978 | 1,77,34,165 | 43,38,187 | 32.3% |
| നികുതിയേതര വരവുകൾ | 16,33,839 | 25,48,578 | 9,14,739 | 55.9% |
| മറ്റുവരവുകൾ | 4,15,643 | 8,23,509 | 4,07,866 | 98.1% |
| ആകെ | 2,05,24,133 | 2,11,06,252 | 56,60,792 | 27.5% |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 41,760 | 35 |
| കർഷകത്തൊഴിലാളി പെൻഷൻ | 3,091,760 | 332 |
| വിധവാപെൻഷൻ | 11,052,650 | 1222 |
| വാർദ്ധക്യകാല പെൻഷൻ | 17,947,420 | 1592 |
| ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 2,480,475 | 282 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 2,93,930 | 36 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 3,00,000 | 10 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.07.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28066/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

1. വൗച്ചറുകൾ പ്രിന്റെടുത്ത് ബൈന്റ് ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.
2. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.
3. ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ 18.03.2003 -ലെ സ.ഉ. 92/2003 -ഉത്തരവ് പ്രകാരവും 2003 -ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ പ്രകാരവും രൂപീകരിക്കേണ്ട ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 19.06.2017മുതൽ 20.06.2017വരെ | മെയ് 2017 | ലഭിച്ചിട്ടില്ല. |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 15.12.2006മുതൽ 29.12.2006വരെ | 1997-98 2005-06 | 03.02.2007 |

## 1-12 ഓഡിറ്റ് ഇംപാക്ട് - ഓഡിറ്റ് നിർദ്ദേശത്തെത്തുടർന്ന് 20,417/- രൂപാ ഈടാക്കി.

ഗ്രാമപഞ്ചായത്ത് 2016-17 വർഷം തൊഴിൽ നികുതി, ഡി.&ഒ. ലൈസൻസ് എന്നീ ഇനങ്ങളിൽ ഈടാക്കാതിരുന്ന 20,417/-രൂപ ഓഡിറ്റ് എൻക്വയറി നൽകിയതിനെതുടർന്ന് താഴെ പറയും പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| ഇനം/പ്രവൃത്തി | തുക (₹) | രസീത് നമ്പർ /തീയതി |
|---|---|---|
| തൊഴിൽ നികുതി ഡി.&ഒ. ലൈസൻസ് | 20,417/- | 117030101985/19.07.17 |
| | | 117030101990/19.07.17 |
| | | 117030101975/18.07.17 |
| | | 117030101974/18.07.17 |
| | | 117030101967/18.07.17 |
| | | 117030101966/18.07.17 |
| | | 117030101973/18.07.17 |
| | | 117030101972/18.07.17 |
| | | 117030101984/19.07.17 |
| | | 117030101979/19.07.17 |

| | | |
|---|---|---|
| | | 117030101980/19.07.17 |
| | | 117030101981/19.07.17 |
| ആകെ | 20,417/- | |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് ഫണ്ടിന് ഒന്നിൽ കൂടുതൽ അക്കൗണ്ടുകൾ ക്രമരഹിതമായി സൂക്ഷിക്കുന്നു

26.05.11 ലെ 58725/എഫ്.എം.3/2008/ത.സ്വഭ.വ നമ്പർ സർക്കുലർ പ്രകാരം തനത് ഫണ്ടിന് ട്രഷറിയിലുള്ള അക്കൗണ്ടിനു പുറമേ സഹകരണ ബാങ്കിലോ നാഷണലൈസ്ഡ് ബാങ്കിലോ ഒരു സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആകാവുന്നതാണ്. ഒന്നിൽ കൂടുതൽ അക്കൗണ്ട് പാടില്ല. ആയതിനാൽ ട്രഷറി അക്കൗണ്ടിനു പുറമേ താഴെപ്പറയുന്ന എസ്.ബി അക്കൗണ്ടുകൾ തനത് ഫണ്ടിനായി സൂക്ഷിക്കുന്നത് ക്രമരഹിതമാണ്. ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|---|
| 1 | തായിക്കാട്ടുകര സർവ്വീസ് സഹകരണ ബാങ്ക് | 3697 |
| 2 | എസ്.ബി.റ്റി തായിക്കാട്ടുകര | 57027663568 |
| 3 | ഓൺലൈൻ ട്രാൻസാക്ഷനു വേണ്ടി തുടങ്ങിയ അക്കൗണ്ട് | പാസ്സ് ബുക്ക് കിട്ടിയിട്ടില്ല |

## 2-2 പരസ്യ നികുതി വരുമാനം കുറയുന്നു

പരസ്യ നികുതിയിനത്തിൽ പഞ്ചായത്തിന് 2014-15 വർഷം 2,23,333 രൂപ ലഭിച്ചിരുന്നു. ഇത് 2015-16 വർഷം 1,02,000 രൂപയും 2016-17 വർഷം 1,07,789 രൂപയുമാണ്. 2014-15 വർഷം വരെ രണ്ട് ലക്ഷത്തിലധികം രൂപ ലഭിച്ചുരുന്ന സ്ഥാനത്ത് പിന്നീടുള്ള വർഷങ്ങളിൽ ഒരു ലക്ഷം രൂപയാണ് ലഭിച്ചത്. ദേശീയ പാതയോരത്ത് സ്ഥിതി ചെയ്യുന്ന ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് മെട്രോ റെയിൽ സൗകര്യമുള്ള ഇന്ത്യയിലെ ഏക പഞ്ചായത്തുമാണ്. തൻമൂലം പരസ്യ നികുതിയിനത്തിൽ ഗണ്യമായ വരുമാന സാദ്ധ്യതയുള്ള പഞ്ചായത്താണ്. ആയതിനാൽ പരസ്യനികുതിയിനത്തിൽ പരമാവധി വരുമാനം ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതിന്റെ ആവശ്യകതയും, സാദ്ധ്യതയും പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

# ഭാഗം-3

## ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

| പ്രോജക്ട് നം. | S0006/17 |
|---|---|
| പേര് | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | വികസന ഫണ്ട്- 3,00,000<br>തനത് ഫണ്ട് - 2,00,000<br>----------------------------------<br>5,00,000 |
| ചെലവ് വിവരം | ബിൽ നം.19/2016-17/03.03.17- 3,00,000<br>ഡി.ഡി.നം.333848/17.01.17 - 1,73,000<br>------------------------------------------------<br>4,73,000 |

കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കുന്നതിനായി കേരള വാട്ടർ അതോറിറ്റിയുടെ പി.എച്ച് .ഡിവിഷൻ ആലുവയിലെ അക്കൗണ്ടിലേക്ക് ഡി.ഡി.ആയും അക്കൗണ്ട് ട്രാൻസ്ഫർ ആയും 4,73,000 രൂപ നൽകിയിട്ടുണ്ട്.

1. ഡെപ്പോസിറ്റ് വർക്കുകളിൽ പ്രോജക്ടിന് അംഗീകാരം ലഭിച്ചാൽ കെ.ഡബ്ല്യു.എ, കെഎസ്.ഇ.ബി. തുടങ്ങിയ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രമേ മുൻകൂർ നൽകാവൂ [11.01.16 ലെ ജി.ഒ.(എം.സ്.) 4/2016]. എന്നാൽ കെ.ഡബ്ല്യു.എയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് പരിശോധനയ്ക്കായി ലഭ്യമാക്കണമെന്ന് ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ കരാറിൽ ഏർപ്പെട്ടതിന് ശേഷം മാത്രം മുൻകൂർ നൽകേണ്ടതാണ്.

2. പി.ഡബ്ല്യു.ഡി. മാന്വൽ 1601.4 ഡെപ്പോസിറ്റ് വർക്ക് പ്രകാരം ഡെപ്പോസിറ്റ് വർക്കിന് എസ്റ്റിമേറ്റിന്റെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും അതിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ചുമത്താവുന്ന 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാവുന്നതല്ല. ആയതിനാൽ 10% ആണ് സെന്റേജ് ചാർജായി നൽകാവുന്നത്. ഇപ്രകാരം അധികം നൽകിയ തുകയുടെ വിശദാംശം താഴെച്ചേർക്കുന്നു. തുക കേരള വാട്ടർ അതോറിറ്റിയിൽ നിന്നോ ഉത്തരവാദിയായ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ തിരികെ ഈടാക്കേണ്ടതാണ്.

| പ്രദേശം | ചൈതന്യ റോഡ് പൈപ്പ് ലൈൻ നീട്ടൽ | ഹാഹി റോഡ് | വാർഡ് 3 |
|---|---|---|---|
| എസ്റ്റിമേറ്റ് | 78170 | 46125 | 22186 |
| സെന്റേജ് ചാർജ് | 9771 | 5766 | 2773 |
| അൺഫോർസീൻ ചാർജ് | 2059 | 3109 | 2041 |
| ആകെ | 90000 | 55000 | 27000 |
| ഈടാക്കാവുന്ന സെന്റേജ് ചാർജ് | 7817 | 4613 | 2219 |
| അധികമായി ഈടാക്കിയ സെന്റേജ് ചാർജ് | 1954 | 1153 | 554 |
| അധികമായി ആകെ നൽകിയത് | 3661 രൂപ | | |

## 3-2 പശുവളർത്തൽ - തുക നൽകിയതിലെ അപാകത

| | |
|---|---|
| പ്രോജക്ട് നമ്പർ | S0089/17 |
| പ്രോജക്ടിന്റെ പേര് | പശു വളർത്തൽ (പൊതു വിഭാഗം) |
| നിർവ്വഹണ ഉദ്യോഗസ്ഥ | വെറ്ററിനറി സർജൻ,ചൂർണ്ണിക്കര |
| ചെലവ് തുക | 15,000 |
| ബിൽ നമ്പർ/തീയതി | 08/16-17/29.03.2017 |

ഗ്രാമപഞ്ചായത്തിൽ പരമ്പരാഗതമായി കന്നുകാലികളെ വളർത്തുന്നവർക്കും അതിന് വേണ്ടതായ സൗകര്യങ്ങൾ ഉള്ളവർക്കും പശുവിനെ വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. 15,000/-രൂപ സബ്സിഡിയിനത്തിൽ ഗുണഭോക്താവിന് നൽകുന്നു. സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്)നമ്പർ 4/2016/തദ്ദേശ സ്വയം ഭരണ വകുപ്പ്/11.01.16 സബ്സിഡി മാർഗരേഖ പ്രകാരം കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കവിയാത്ത ഗുണഭോക്താക്കൾക്കു മാത്രമേ സബ്സിഡിയായി 15,000/- രൂപ നൽകുവാൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പ്രോജക്ടിന്റെ ഫയൽ പരിശോധനയിൽ ചുവടെ ചേർക്കുന്ന ഗുണഭോക്താവിന്റെ കുടുംബ വാർഷിക വരുമാനം 50,000/- രൂപയിൽ കൂടുതലാണെന്ന് റേഷൻ കാർഡിൽ നിന്നും വ്യക്തമാണ്. എന്നിരുന്നാലും 15,000/-രൂപ സബ്സിഡിയായി ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

| ഗുണ ഭോക്താവിന്റെ പേര് | റേഷൻ കാർഡ് നമ്പർ | കുടുംബ ത്തിന്റെ വാർഷിക വരുമാനം | ബാങ്കിന്റെ പേര് | അക്കൗണ്ട് നമ്പർ | നൽകിയ സബ് സിഡി |
|---|---|---|---|---|---|
| പി.കെ. വിപിനചന്ദ്രൻ, പൊന്നംകുളം, എസ്.എൻ.പുരം, തായിക്കാട്ടുകര (പി.ഒ.) ആലുവ-6 | 1736008463 | 84,360 | എറണാകുളം ജില്ലാ സഹകരണ ബാങ്ക്, ആലുവ ശാഖ | 005102000000078 | 15,000 |

മേൽ ഗുണഭോവിന് ആനുകൂല്യം നൽകിയതിന്റെ കാരണം വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് ഗുണഭോക്താക്കൾ ആരും തന്നെ മുന്നോട്ട് വരാഞ്ഞതിനാൽ ചെറുകിട കർഷകനായ പി.കെ.വിപിനചന്ദ്രന് ആനുകൂല്യം നൽകിയെന്ന് മറുപടി ലഭിച്ചു. മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ നഷ്ട തുകയായ 15,000/- രൂപ ബന്ധപ്പെട്ട വ്യക്തിയിൽ നിന്നോ ഉത്തരവാദിയായ വെറ്ററിനറി സർജനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 അങ്കണവാടികളിൽ വിതരണം ചെയ്തത് ഗുണനിലവാരം ഇല്ലാത്ത ഭക്ഷ്യമിശ്രിതം - ഗുരുതര ക്രമക്കേട്

| | |
|---|---|
| പ്രോജക്ട് നമ്പർ | S014/17 |
| പ്രോജക്ടിന്റെ പേര് | അങ്കണവാടി പോഷകാഹാരം |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് |

| ചെക്ക് /ഡി ഡി നമ്പർ/തീയതി | ചെലവ് തുക |
|---|---|
| 147635/03.10.2016 | 120516 |
| 649060/23.12.2016 | 100853 |
| SBT,Edathala<br>(Account number-67068549228) | 53223 |
| SBT,Edathala<br>(Account number-67068549228) | 213479 |
| ആകെ | 488071 |

ഗ്രാമപഞ്ചായത്തിൽ വിവിധ അങ്കണവാടികളിലേക്ക് ടി.എച്ച്.ആർ.എസ്(അമൃതം) എടത്തല ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ യൂണിറ്റിൽ നിന്നും വിതരണം ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഈയിനത്തിൽ 488071/-രൂപ ചെലവഴിച്ചിട്ടുമുണ്ട്. സാമൂഹിക ക്ഷേമ ഡയറക്ടറുടെ ഐ.സി.ഡി.എസ്.ബി 3-312/2010,തീയതി 18.12.2010 കത്തിൽ അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കർശനമായും അംഗീകൃത ലാബോറട്ടറികളിൽ പരിശോധനകൾക്ക് വിധേയമാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ തൃപ്തികരമല്ല/ഉപയോഗയോഗ്യമല്ല എന്ന ലാബ് റിപ്പോർട്ട് ലഭ്യമാകുന്ന പക്ഷം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് ലഭ്യമായ ഭക്ഷ്യമിശ്രിതത്തിന്റെ വില ആയത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകേണ്ടതില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ എടത്തല കുടുംബശ്രീ യൂണിറ്റിന്റെ അമൃതം ന്യൂട്രിമിക്സ് സാമ്പിൾ കാക്കനാട് റീജിയണൽ അനലറ്റിക്കൽ ലാബിൽ പരിശോധിച്ചതു പ്രകാരം സാമ്പിളിൽ വലിയ അളവിൽ ഇകോളിഫോം ബാക്ടീരിയ, യീസ്റ്റ് എന്നിവയുള്ളതായി 24.11.2016 തീയതിയിലെ 1204/2016-17നമ്പർ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ഇത് ഉപയോഗക്ഷമമല്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നിട്ടും ഇതേ ഭക്ഷ്യമിശ്രിതം തന്നെ അങ്കണവാടികളിൽ വിതരണം ചെയ്തത് ശരിയായ നടപടിയല്ല. ഈ അപാകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. മേൽ സാഹചര്യത്തിൽ ഈയിനത്തിൽ നടത്തിയ 488071/-രൂപയുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

വിഷയത്തിൽ ആവശ്യമായ അന്വേഷണം നടത്തി നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതിനും വിവരം ഓഡിറ്റിൽ ധരിപ്പിക്കുന്നതിനും ഭരണസമിതിയോടും ഭരണവകുപ്പിനോടും ശുപാർശ ചെയ്യുന്നു.

## **3-4** ബാലസഭ പ്രോജക്ട് **-34,990/-**രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് നമ്പർ | എസ് 025/17 |
|---|---|
| അടങ്കൽ | ₹.50,000 |
| ചെലവ് തുക | ₹.48,710 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ,എസ്.പി.ഡബ്ല്യു.എൽ.പി.എസ്. |
| ചെക്ക് നം. | 88690 തീയതി 04.04.2017 |

മേൽ പ്രോജക്ടിലെ ചെലവ് തുക സാമൂഹിക കൺവീനർക്ക് നൽകിയിട്ടുണ്ട്. പ്രോജക്ടിലെ പ്രവർത്തനങ്ങൾ ആലുവ-മൂന്നാർ പഠനയാത്ര,കുട്ടികൾക്കായി ഒരു ദിവസത്തെ ക്ലാസ് എന്നിവയാണ്.

24.03.17 ൽ 47 കുട്ടികളും 23 മുതിർന്നവരുമായി നടത്തിയ മൂന്നാർ യാത്രയ്ക്ക് വേണ്ടി ഭക്ഷണം, ബസ് ചാർജ്ജ് എന്നീ ഇനങ്ങളിൽ ചെലവായ 34,990/-രൂപ പഞ്ചായത്ത് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

16.11.2013ലെ ജിഒ എംഎസ് നമ്പർ362/2013 തസ്വഭവ പരിഷ്കരിച്ച പദ്ധതി മാർഗ്ഗ രേഖ അനുബന്ധം 16, ഖണ്ഡിക 7.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാംപെയിനുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ പഠന യാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവ പദ്ധതിയുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ പാടില്ലാത്തതാകുന്നുവെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അനുബന്ധം 2(5) പ്രകാരം കുട്ടികൾ, വൃദ്ധർ, ഭിന്ന ശേഷിയുള്ളവർ എന്നിവർക്കായുള്ള പ്രത്യേക പദ്ധതി പ്രകാരം കുട്ടികളുടെ കലാ സാംസ്കാരിക മാനസിക പങ്കാളിത്തം ലക്ഷ്യമിട്ട് കുടുംബശ്രീ സംവിധാനത്തിന്റെ ഭാഗമായി നടപ്പിലാക്കി വരുന്ന ബാല പഞ്ചായത്ത്, ബാലസഭ ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആണ് നടത്തേണ്ടത്. എന്നാൽ 23.03.17 ലെ പഠനക്ലാസ് 24.03.17 ലെ പഠനയാത്ര എന്നിവ ഒഴികെയുള്ള പ്രവർത്തനങ്ങൾ ബാലസഭയിൽ നടത്തിയതിന്റെ തെളിവുകൾ ഹാജരാക്കുവാൻ കഴിഞ്ഞില്ല.

സാമ്പത്തിക വർഷത്തിന്റെ അന്ത്യത്തിൽ അതും പരീക്ഷാ കാലത്ത് നാമമാത്ര പ്രവർത്തനങ്ങൾ നടത്തുകയാണ് ചെയ്തത്. ഈ അപാകത വിശദീകരിക്കുവാൻ ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ 43 കുട്ടികളും 23 മുതിർന്നവരുമടങ്ങിയ യാത്ര നടത്തിയത് കുട്ടികളുടെ മനസ്സിൽ ഉൽപ്പാദനപരമായ മാറ്റങ്ങൾ നടത്തുന്നതിനും കുട്ടികൾ പരിസ്ഥിതി ബോധം വളർത്തുന്നതിനുമാണെന്ന വിശദീകരിച്ചിട്ടുണ്ട്. എന്നാൽ യാത്രകൾ ഉൽപ്പാദനപരമായിരുന്നില്ല എന്നതിനാലും പദ്ധതി രേഖയ്ക്ക് അനുസൃതമല്ലാത്തതിനാലും മറുപടി അംഗീകരിക്കുന്നില്ല. ആയതിനാൽ, മേൽ പ്രോജക്ടിന്റെ ഭാഗമായി പഠനയാത്രയിനത്തിൽ ചെലവഴിച്ച തുക 34990/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല - 21,04,675/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാത്തതിനാൽ താഴെപ്പറയുന്ന പദ്ധതികളുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | |
|---|---|---|---|---|---|
| 1 | കെ എസ് ഇ ബി | സ്ട്രീറ്റ് ലൈൻ വലിക്കൽ S00168/17 | അക്കൗണ്ട് ട്രാൻസ്ഫർ 17.03.17 | 478509/-<br>43350/-<br>137850/- | 6,60,675/- |

| | | | | | |
|---|---|---|---|---|---|
| | | | ഡിഡി നം.333847 തീയതി 17.03.17 | 966/- | |
| 2 | കേരള വാട്ടർ അതോറിറ്റി | കുടിവെള്ള ലൈൻ വിപുലീകരണം S006/17 | അക്കൗണ്ട് ട്രാൻസ്ഫർ 17.03.17 | 3,00,000/- | 4,73,000/- |
| | | | ഡിഡി നം. 333848 തീയതി 17.03.17 | 173000/- | |
| 3 | കേരള വാട്ടർ അതോറിറ്റി | അമ്പാട്ട് കാവ് അണ്ടർബ്രിഡ്ജ് വാട്ടർ ലൈൻ ഷിഫ്റ്റിംഗ് S0214/17 | ഡിഡി നം.333821 തീയതി 08.03.2017 | 471000/- | |
| 4 | സാമൂഹ്യ സുരക്ഷാ മിഷൻ | പഞ്ചായത്ത് വിഹിതം S007/17 | ഡിഡി നം.149103 തീയതി 26.12.2016 | 2,00,000/- | 5,00,000/- |
| | | | അക്കൗണ്ട് ട്രാൻസ്ഫർ | 3,00,000/- | |
| ആകെ | | | | | 21,04,675/- |

# 3-6 തെരുവ് വിളക്ക് മെയിന്റനൻസ് - ടെൻഡർ നടപടി സ്വീകരിച്ചില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | തെരുവ് വിളക്ക് മെയിന്റനൻസ് |
| പ്രോജക്ട് നം. | S0003/17 |
| അടങ്കൽ | 2,30,000/- (വികസന ഫണ്ട്-1,50,000/-, തനത് ഫണ്ട് - 80,000/-) |
| ചെലവ് | 2,29,140/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| ബിൽ നം. | 17/16-17 തീയതി 29.02.17 തുക1,24,100/-<br>27/16-17 തീയതി 28.03.17 തുക 25,840/-<br>വൌച്ചർ നം. 21601555 തീയതി 30.03.2017<br>തുക 79,200/- |

മേൽ പ്രോജക്ടിൽ 2016-17 വർഷത്തിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയ ഇനത്തിൽ ശ്രീ ഷമീർ എം എ, മനക്കപ്പറമ്പിൽ,തായിക്കാട്ടുകര എന്ന വ്യക്തിക്ക് 2,29,140/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തി നടപ്പിലാക്കിയതിൽ ടെൻഡർ നടപടിക്രമങ്ങൾ സ്വീകരിച്ചില്ല. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുന്നതിനും പരിപാലിക്കുന്നതിനും യുണൈറ്റഡ് ഇലക്ട്രിക്കൽസ് എന്ന പൊതുമേഖലാ സ്ഥാപനത്തെയാണ് ചുമതലപ്പെടുത്തിയിരുന്നതെങ്കിലും ടി സ്ഥാപനം ഉപകരണങ്ങൾ സപ്ലൈ ചെയ്യുക മാത്രമാണ് ചെയ്തത്. ഈ സാഹചര്യത്തിൽ ടെൻഡർ നടപടി കൂടാതെ മുൻവർഷങ്ങളിൽ കരാറേറ്റെടുത്തിരുന്ന വ്യക്തിയെ പ്രവൃത്തി ഏൽപ്പിക്കുകയാണ് ചെയ്തത്. ഇത് ക്രമവിരുദ്ധമാണ്. ചെലവ് തടസ്സപ്പെടുത്തുന്നു.

വിഷയത്തിൽ അന്വേഷണം നടത്തി തുടർ നടപടികൾ സ്വീകരിക്കുവാൻ ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

## 3-7 മരുന്ന് ലഭിച്ചിട്ടില്ല.

1)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0011/17 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,ചൂർണ്ണിക്കര |
| തുക | 2,50,000 |
| ബിൽ നമ്പർ | 06/16-17,18.01.2017 |

ഗ്രാമപഞ്ചായത്തിലെ ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് ഹോംകോ,പാതിരപ്പിള്ളി,ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും 2,50,000/- രൂപ പ്രഫോർമ ഇൻവോയ്സ് പ്രകാരം നൽകുകയും ചെയ്തു. എന്നാൽ ഇതുവരെ മരുന്ന് ലഭിച്ചിട്ടില്ല.

2)

| | |
|---|---|
| പ്രോജക്ട് നമ്പർ | S0120/17 |
| പ്രോജക്ടിന്റെ പേര് | പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി,ചൂർണ്ണിക്കര |
| തുക | 1,50,000 |
| ഡി ഡി നമ്പർ/തീയതി | 149442/13.01.2017 |

ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിലെ പി.എച്ച്.സിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി ആവിഷ്കരിച്ചതാണീ പ്രോജക്ട്. അതനുസരിച്ച് കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ,തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്നും മരുന്ന് വാങ്ങുന്നതിനായി തീരുമാനിക്കുകയും 1,50,000/- രൂപ പ്രഫോർമ ഇൻവോയ്സ് പ്രകാരം നൽകുകയും ചെയ്തു. എന്നാൽ ഇതുവരെ 145,692/-രൂപയുടെ മരുന്ന് മാത്രമേ ലഭിച്ചിട്ടുള്ളൂ. ബാക്കി 4308/- രൂപയുടെ മരുന്നും, ഹോമിയോ ആശുപത്രിയിലേക്ക് ലഭിക്കാനുള്ള 2,50,000/- രൂപയുടെ മരുന്നും ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-8 തെറ്റായ താരിഫ് നിർണ്ണയം - പഞ്ചായത്ത് അടവാക്കുന്നത് കൊമേഴ്സ്യൽ താരിഫ്

ചൂർണ്ണിക്കര ഗ്രാമ പഞ്ചായത്തിലെ അയ്യൻകാളി പഠനകേന്ദ്രം (കൺസ്യൂമർ നം. 14387), ബഡ്സ് സ്കൂൾ (കൺസ്യൂമർ നം. 03134),വനിതാ വ്യവസായ വിപണനകേന്ദ്രം(കൺസ്യൂമർ നം. 14963) എന്നിവയുടെ വൈദ്യുതി താരിഫ് നിലവിലെ ബിൽ അനുസരിച്ച് LT 7A ആണ്.എന്നാൽ കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ OP No. 9/14 തീയതി 14.08.2014 ലെ താരിഫ് പ്രകാരം സർക്കാർ കെട്ടിടങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, അവയുടെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ എന്നിവയ്ക്ക് LT 6 B

താരിഫാണ് ബാധകം. LT 7A എന്നത് കൊമേഴ്സ്യൽ താരിഫാണ്. LT 6 (B) , LT 7A എന്നിവയുടെ താരിഫ് താഴെ ചേർക്കുന്നു

| താരിഫ് | LT-VI B | LT-7A |
|---|---|---|
| ഫിക്സഡ് ചാർജ്ജ് സിംഗിൾ ഫേസ് | 70/- | 60/- |
| എനർജി ചാർജ്ജ് 3 ഫേസ് | | 120 |
| Rs/KW/Month | | |
| 100 യൂണിറ്റ് വരെ | | 6.00 |
| 200യൂണിറ്റ് വരെ | | 6.70 |
| 300യൂണിറ്റ് വരെ | | 7.40 |
| 500യൂണിറ്റ് വരെ | 6.30 | 8.00 |
| 500യൂണിറ്റിന് മുകളിൽ | 7.00 | 9.30 |

കൺസ്യൂമർ നമ്പർ 14387ന് 1785KW കണക്റ്റഡ് ലോഡും, ഫിക്സഡ് ചാർജ്ജിനത്തിൽ 600/- രൂപയുമാണ് ബില്ലുകളിൽ കാണാൻ കഴിഞ്ഞത്. കൺസ്യൂമർ നമ്പർ 03134 ന് 2155KW കണക്റ്റഡ് ലോഡ് വരുന്നുണ്ട്. ഫിക്സഡ് ചാർജ്ജ് 360/- രൂപയാണ്. കൺസ്യൂമർ നമ്പർ 14963ന് 3270KW കണക്റ്റഡ് ലോഡും, ഫിക്സഡ് ചാർജ്ജിനത്തിൽ 408/- രൂപയും ആണ് വരുന്നത്. കൺസ്യൂമർ നമ്പർ 14387 ന് ശരാശരി 6 യൂണിറ്റും, കൺസ്യൂമർ നമ്പർ 03134 ന് ശരാശരി 105 യൂണിറ്റും കൺസ്യൂമർ നമ്പർ 14963 ന് 208 യൂണിറ്റുമാണ് ഒരു ബിൽ കാലയളവിലെ ഉപഭോഗം. അർഹതയുള്ള LT 6B താരിഫ് അനുസരിച്ച് 500 യൂണിറ്റ് വരെ 6.30 രൂപയും 500യൂണിറ്റിന് മുകളിൽ 7/- രൂപയുമാണ്. എന്നാൽ 7 A ക്ക് 300 യൂണിറ്റ് വരെ 7.40രൂപ വരുന്നതാണ്. തെറ്റായ താരിഫ് നിർണ്ണയം കെ.എസ്.ഇ.ബി.-യെ അറിയിച്ച് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 പഞ്ചകർമ്മക്രിയാമുറിയിലേക്ക് ഉപകരണങ്ങൾ വാങ്ങൽ - എല്ലാ ഉപകരണങ്ങളും ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പഞ്ചകർമ്മക്രിയാമുറിയിലേക്ക് ഉപകരണങ്ങൾ |
| പ്രോജക്ട് നം. | S081/17 |
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>സർക്കാർ ആയുർവേദ ഡിസ്പെൻസറി ,തായ്ക്കാട്ടുകര |
| ബിൽ നം. | 6/16-17 തീയതി 02.03.2017 |

പഞ്ചകർമ്മക്രിയാമുറിയിലേക്ക് ഉപകരണങ്ങൾ എന്ന പ്രോജക്ടിനായി FIT ആലുവയ്ക്ക് 02.03.2017 ൽ 1ലക്ഷം രൂപ നൽകിയിട്ടുണ്ട്. രസീത് നം. 21/02.03.2017 FIT യിൽ നിന്ന് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രധാന ഇനമായ 'പാത്തി ' (56,000/-രൂപ) ഇതുവരെ ലഭിച്ചിട്ടില്ല. ടി ഉപകരണം ലഭിക്കാനുള്ള കാലതാമസത്തിന് വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചില്ല. ആയുർവേദ പഞ്ചകർമ്മ ചികിത്സകൾക്ക് വളരെ അത്യാവശ്യപ്പെട്ട ഉപകരണമായതിനാലും തുക മുൻകൂർ നൽകിയതിനാലും ഇത് എത്രയും വേഗം ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-10 സാമൂഹ്യസുരക്ഷാ പെൻഷനുകൾ - അർഹതയില്ലാത്തവർക്ക് ആനുകൂല്യം നൽകുന്നു

ഗ്രാമപഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷം അനുവദിച്ച സാമൂഹ്യ സുരക്ഷാപെൻഷനുകളുടെ അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടുള്ള രേഖകൾ പരിശോധിച്ചതിൽ അർഹതയില്ലാത്ത പലരും ആനുകൂല്യം കൈപ്പറ്റുന്നതായി കാണുന്നു. അപേക്ഷയോടൊപ്പം ഹാജരാക്കിയ റേഷൻകാർഡിന്റെ പകർപ്പ് പരിശോധിച്ചതിൽ പല ഗുണഭോക്താക്കളുടെയും കുടുംബത്തിൽ സർക്കാർ ജീവനക്കാർ, പൊതുമേഖലാ ജീവനക്കാർ എന്നിവർ ഉൾപ്പെട്ടിട്ടുണ്ട്. അതിനാൽ തന്നെ ഇവരുടെ വാർഷിക വരുമാനം 1,00,000/-രൂപയിൽ കുറവായി കണക്കാക്കാൻ സാധിക്കില്ല. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പേര്, മേൽവിലാസം | പെൻഷണർ നം. / പെൻഷൻ ഇനം. | റേഷൻകാർഡ് നം. | റിമാർക്സ് |
|---|---|---|---|---|
| 1 | സരളകുമാരി ജി രേവതിമൈനോട്ടിൽ തായിക്കാട്ടുകര | 106520601335 വിധവാ പെൻഷൻ | 1736003942 | അന്തരിച്ച ഭർത്താവിന്റെ തൊഴിൽ ഗവൺമെന്റ് ജീവനം |
| 2 | ജമീല സലിം കുന്നുംപുറത്ത് വീട് തായിക്കാട്ടുകര | 106520601412 വിധവാ പെൻഷൻ | 1736084611 | ഫാമിലി പെൻഷണർ |
| 3 | ലൂസി വർഗ്ഗീസ് കുറ്റിക്കാട്ട് ജൂബിലി റോഡ് | 106520601341 വിധവാ പെൻഷൻ | 1736012437 | ഫാമിലി പെൻഷണർ |
| 4 | തോമസ് പി എ പുളിക്കൽ നസ്രത്ത് ആലുവ | 106520201795 വാർദ്ധക്യകാല പെൻഷൻ | 1736003872 | അപേക്ഷകന്റെയും ഭാര്യയുടെയും തൊഴിൽ ഗവ.ജീവനം,വില്ലേജ് ഓഫീസർ നൽകിയ സർട്ടിഫിക്കറ്റ് പ്രകാരം വാർഷിക വരുമാനം 1,57,032/-രൂപ, റേഷൻ കാർഡ് പ്രകാരം താമസം ആലുവ മുനിസിപ്പാലിറ്റിയിൽ. |
| 5 | കെ കെ വിശ്വൻ കളത്തിപ്പറമ്പിൽ കെടാമംഗലം | 106520201782 വാർദ്ധക്യകാല പെൻഷൻ | 1737047186 | റേഷൻകാർഡ് പ്രകാരം താമസം കരുമാല്ലൂർ പഞ്ചായത്തിൽ |
| 6 | നെബീസ പി എം ചേലക്കാട്ടുപറമ്പിൽ ചൂർണ്ണിക്കര | 106520100463 കർഷക തൊഴിലാളി പെൻഷൻ | 1736013369 | മകന്റെ തൊഴിൽ ഗവ.ജീവനം |
| 7 | റജീന ജോസഫ് വാടക്കൽ വീട് തായിക്കാട്ടുകര | 106520601397 വിധവാ പെൻഷൻ | 1736008662 | ഫാമിലി പെൻഷണർ |

ഇത് സംബന്ധിച്ച് നൽകിയ 20.07.2017ലെ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 2 ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിച്ച് അനർഹരാണെന്ന കണ്ടെത്തിയതിനാൽ പെൻഷൻ തടഞ്ഞു വയ്ക്കുകയുണ്ടായി. പെൻഷണർമാർ എന്ന് രേഖപ്പെടുത്തിയവരുടെ കാര്യത്തിൽ റേഷൻ കാർഡിലെ വിവരങ്ങൾ പലരുടേയും തെറ്റാണെന്നും കുടുംബ പെൻഷൻ കുടുംബ വാർഷിക വരുമാനത്തിൽ ഉൾപ്പെടുകയില്ല എന്നും പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. ആധാർ നമ്പർ പ്രകാരം ഒരു വ്യക്തിക്ക് രണ്ട് തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ ലഭിക്കില്ല എന്നും പഞ്ചായത്ത് വിശദീകരിച്ചു. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. പഞ്ചായത്തിന് പുറത്തുള്ള വ്യക്തികൾക്ക് അനുവദിച്ചതുൾപ്പെടെ ക്ഷേമപെൻഷനുകൾ അനുവദിക്കപ്പെട്ടവരുടെ രേഖകൾ പുനഃപരിശോധിക്കേണ്ടതും അനർഹരായവരെ ഒഴിവാക്കേണ്ടതുമാണ്. പെൻഷണർ മരണപ്പെടുന്ന സാഹചര്യത്തിൽ, മരണം സംഭവിച്ച തീയതിക്കും ടി വിവരം അറിയിക്കുന്ന തീയതിക്കും ഇടയിൽ അക്കൗണ്ടിൽ തുക വരുന്ന പക്ഷം ഈ തുക തിരികെ സർക്കാരിലേക്ക് അടവാക്കുന്നതിന് ബാങ്കിനും ഡി.ബി.ടി. സെല്ലിനും അറിയിപ്പ് നൽകുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

വിഷയത്തിൽ വിശദമായ അന്വേഷണത്തിനും തുടർ നടപടികൾ സ്വീകരിക്കുന്നതിനും ഭരണവകുപ്പിനോട് ശുപാർശ ചെയ്യുന്നു.

# 3-11 വിശദമായ എസ്റ്റിമേറ്റ് ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | S0168/17 |
| പേര് | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ |
| അടങ്കൽ | 6,59,709 -വികസന ഫണ്ട്<br>90,291- തനത് ഫണ്ട്<br>------------------<br>7,50,000 |
| ചെലവ് വിവരം | 6,59,709- ബിൽ നം.20/16-17 തീയതി 16.03.17<br>966-ഡി.ഡി.നം.333847 തീ.17.03.17<br>----------------------<br>6,60,675<br>----------------------<br>479475 -കെ.എസ്.ഇ.ബി, ആലുവ നോർത്ത്<br>43350 -കെ.എസ്.ഇ.ബി, കളമശ്ശേരി<br>137850 -കെ.എസ്.ഇ.ബി, ആലുവ ടൗൺ<br>----------------------<br>6,60,675<br>---------------------- |

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കുന്നതിനായി കെ.എസ്.ഇ.ബി യുടെ ഓഫീസുകളിൽ മേൽപ്പറയും വിധം മുൻകൂർ നൽകിയിട്ടുണ്ട്. 43,350 രൂപ അടയ്ക്കുന്നതിനുള്ള നോട്ടീസ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിരുന്നത്. വിശദമായ എസ്റ്റിമേറ്റ് കെ.എസ്.ഇ.ബി.-യിൽ നിന്ന് ലഭ്യമായിട്ടില്ല. വിശദമായ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ മാത്രം മുൻകൂർ തുക നൽകേണ്ടതാണ്.

വകയിരുത്തിയ വികസന ഫണ്ട് മുഴുവനായി ഉപയോഗിച്ചുവെങ്കിലും, ആനുപാതികമായി തനത് ഫണ്ട് ഉപയോഗിച്ചിട്ടില്ല. വകയിരുത്തിയ സ്രോതസ്സിൽ നിന്ന് തുക ആനുപാതികമായി ചെലവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| സാമൂഹ്യ നീതി വകുപ്പ് (സെൻട്രൽ ഷെയർ) | 2016-17 | 522400 | S0014/17 അങ്കണവാടി പോഷകാഹാരം | 370216 | 152184 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 28500 | S0201/17 പാലിന് സബ്സിഡി | 28500 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി. | സ്ട്രീറ്റ് ലൈൻ വലിക്കൽ | അക്കൗണ്ട് ട്രാൻസ്ഫർ 17.03.17<br>---"---<br>---"---<br>ഡിഡി നം.333847 തീയതി 17.03.17 | 478509<br>43350<br>137850<br>966 | പ്രവൃത്തി പൂർത്തിയായിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള ലൈൻ വിപുലീകരണം | അക്കൗണ്ട് ട്രാൻസ്ഫർ 17.03.17<br>ഡിഡി നം. 333848 തീയതി 17.03.17 | 3,00,000<br>173000 | പ്രവൃത്തി പൂർത്തിയായിട്ടില്ല | |
| കേരള വാട്ടർ അതോറിറ്റി | അമ്പാട്ട് കാവ് അണ്ടർബ്രിഡ്ജ് വാട്ടർ ലൈൻ ഷിഫ്റ്റിംഗ് | ഡിഡി നം.333821 തീയതി 08.03.2017 | 471000 | പ്രവൃത്തി പൂർത്തിയായിട്ടില്ല | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 12,010/-രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 1997-98 | 34 | 10 | ലഭ്യമല്ല | 11603101249/07.06.16 |
| 2013-14 | 2-3 | 12,000 | ലഭ്യമല്ല | 11603104429/16.06.16 |
| ആകെ | | 12,010 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-2002 | 2(12) | 2006-07 | 3.39.1.2 | മരാമത്ത് പണികൾക്ക് മുൻകൂർ തുക കൈപ്പറ്റിയിട്ട് പണി പൂർത്തിയാക്കിയില്ല. | നടപടി സ്വീകരിച്ചു വരുന്നു. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,29,45,745 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,28,19,957 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 15,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 28,56,876 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-2 | | 15,000 | ഡോ. നിഷി കർണേത്ത്, വെറ്ററിനറി സർജ്ജൻ |
| ആകെ | | 15,000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 1,20,516 | സുഹറ ടി എച്ച് |
| | 3,67,555 | നദീറ എച്ച് |
| 3-4 | 34,990 | ജോണി.കെ.കുര്യാക്കോസ്, ഹെഡ്മാസ്റ്റർ,ഗവ. എൽ.പി.എസ് |
| 3-5 | 21,04,675 | ഡെന്നീസ് കൊറയ,സെക്രട്ടറി |
| 3-6 | 2,29,140 | ഡെന്നീസ് കൊറയ,സെക്രട്ടറി |
| ആകെ | 28,56,876 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡെന്നീസ് കൊറയ സെക്രട്ടറി | ഡെന്നീസ് കൊറയ, സെക്രട്ടറി,ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | കുറ്റിക്കശ്ശേരി വീട്, വടുതല,കൊച്ചി- 23 |

| | | |
|---|---|---|
| സുഹ്റ സി എച്ച് , ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ ,ആലുവ നഗരസഭ | മുറിക്കാടൻ വീട് , സൗത്ത് വാഴക്കുളം , ചെമ്പറക്കി . |
| നദീറ എച്ച്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ,ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | കണ്ടകത്ത്,സുഭാഷ് ലൈൻ,കനാൽ റോഡ്, യു.സി.കോളേജ്(പി ഒ) ആലുവ |
| ജോണി.കെ.കുര്യാക്കോസ്, ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | ജോണി.കെ.കുര്യാക്കോസ്, ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ് | കരോട്ട് കുഴിവേലിൽ, പാങ്ങോട് (പിഒ) എറണാകുളം |
| ഡോ. നിഷി കർണേത്ത്, വെറ്ററിനറി സർജ്ജൻ | ഡോ. നിഷി കർണേത്ത്, വെറ്ററിനറി സർജ്ജൻ, ജില്ലാ മൃഗാ ആശുപത്രി | 4/1306,കുരുപ്പാവ് പാലത്തിനു സമീപം,ഫോർട്ട്കൊച്ചി-1 |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 | എൽ.എഫ്.ഇ.(പി2) 34/97/12.12.97 |
| 1996-97 | എൽ.എഫ്.ഇ.(പി3) 54/98/6.05.98 |
| 1997-98 | എൽ.എഫ്.ഇ.(പി5) 1045/99/15.07.00 |
| 1998-99 | എൽ.എഫ്.ഇ.(പി5) 660/01/9.11.01 |
| 1999-2000 | എൽ.എഫ്.ഇ.(പി5) 373/03/21.07.03 |
| 2000-01 | എൽ.എഫ്.ഇ.(പി5) 345/04/29.07.04 |
| 2001-02(വരവ്) | എൽ.എഫ്.ഇ.(പി5) 890/06/19.01.07 |
| 2001-02(ചെലവ്) | എൽ.എഫ്.ഇ.(പി5) 752/05/22.2.06 |
| 2002-03 | എൽ.എഫ്.ഇ.(പി5) 890/06/20.02.07 |
| 2003-04 | എൽ.എഫ്.ഇ.(പി5) 1067/08/5.11.08 |
| 2004-05 | എൽ.എഫ്.ഇ.(പി5) 1062/08/5.11.08 |
| 2005-06 | എൽ.എഫ്.ഇ.(പി5) 470/09/31.5.09 |
| 2006-07 | എൽ.എഫ്.ഇ.(പി5) 471/09/5.6.10 |
| 2007-08 | എൽ.എഫ്.ഇ.(പി5) 1544/09/9.11.09 |
| 2008-09 | എൽ.എഫ്.ഇ.(പി5) 112/11/27.10.11 |
| 2009-10 | എൽ.എഫ്.ഇ.(പി5) 114/11/27.10.11 |
| 2010-11 | എൽ.എഫ്.ഇ.(പി5) 2117/11/1.12.11 |
| 2011-12 | എൽ.എഫ്.ഇ.(പി5) 1052/13/9.7.13 |
| 2012-13 | എൽ.എഫ്.ഇ.(പി5) 1550/14/13.10.14 |

| | |
|---|---|
| 2013-14, 2014-15 | കെ.എസ്.എ -ഇ.കെ.എം(പി5) 1099/2015/31.07.2015 |
| 2015-16 | കെ.എസ്.എ -ഇ.കെ.എം(പി5) 1848/2016/08.12.2016 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇകെഎം(പി5)1515/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 16.09.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215, ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ്

പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ചൂർണ്ണിക്കര ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX - I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.5)1515/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 16.09.2017

Certified that I have audited the Annual Financial Statement of Choornikkara Grama Panchayath in Ernakulam district for the year ended on 31.3.2017 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made thereunder and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Choornikkara Grama Panchayath for the financial year 2016-17 properly presents the picture of income and expenditure.

Deputy Director